LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
ആലപ്പുഴ	0	0
ഇടുക്കി	5	5
എറണാകുളം	3	0
കോട്ടയം	4	1
പാലക്കാട്	20	17
തൃശ്ശൂർ	22	4
മലപ്പുറം	10	4
കോഴിക്കോട്	1	2
കണ്ണൂർ	19	7
വയനാട്	1	10
കാസർഗോഡ്	20	0
ആകെ	136	58

താമരശ്ശേരി ചെറുപ്പാട് പ്രദേശത്തെ ഭൂമിയുടെ ഉടമസ്ഥാവകാശം

135(5582) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്കിൽ പുതുപ്പാടി പഞ്ചായത്തിൽ ചെറുപ്പാട് പ്രദേശത്തെ താമസക്കാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം നൽകുന്നതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

താമരശ്ശേരി താലൂക്കിൽ ഈങ്ങാപ്പുഴ വില്ലേജിൽ റീസർവ്വേ നമ്പർ 72/1 എ-യിൽപ്പെട്ട 86.86 ഹെക്ടർ വനഭൂമി 1971-ലെ വെസ്റ്റിംഗ് & അസൈൻമെന്റ് ആക്ട് പ്രകാരം പതിച്ച് നൽകുന്നതിനായി റവന്യൂ വകുപ്പിന് കൈമാറിയിരുന്നു. ഇതിൽ താമസയോഗ്യമല്ലാത്ത സ്ഥലങ്ങൾ ഒഴികെ 74 ഹെക്ടർ ഭൂമി 1978-ൽ പതിച്ച് നൽകിയിട്ടുണ്ട്. ബാക്കിയുള്ള താമസയോഗ്യമല്ലാത്ത ഭൂമിയും പതിച്ച് നൽകപ്പെട്ട ആൾക്കാർ കൈവശമേൽക്കാത്ത ഭൂമിയും വനം വകുപ്പിന് തിരിച്ചുലഭിക്കേണ്ടതുണ്ട്. ഇത്തരം ഭൂമികളിൽ 1982 മുതൽ ആളുകൾ കയ്യേറി താമസിക്കുന്നുണ്ട്. പതിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി 1980-ലെ കൺസർവേഷൻ ആക്ടിനനുസരിച്ച് കേന്ദ്രസർക്കാരിന്റെ അനുമതി വാങ്ങാതെ പതിച്ചുനൽകാൻ സാധിക്കില്ല.

(ബി) ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗം വിശദമാക്കുമോ?

ഇത് പരിഹരിക്കുന്നതിനായി റവന്യൂ വകുപ്പ്, 1980-ലെ കൺസർവേഷൻ ആക്ട് പ്രകാരമുള്ള നടപടി എടുത്തുവരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 02-07-2021-ന് കോഴിക്കോട് കളക്ടറേറ്റിൽ വച്ച് നടന്ന യോഗത്തിലും ടി നടപടി ത്വരിതപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്.

കോതമംഗലം നിയോജകമണ്ഡലത്തിലെ കൃഷിനാശത്തിന് നഷ്ടപരിഹാരം

136(5583) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ, കവളങ്ങാട്, കീരംപാറ പഞ്ചായത്തുകളിലായി ജനവാസ മേഖലകളിൽ ഉൾപ്പെടെ കാട്ടാന അടക്കമുള്ള വന്യമൃഗങ്ങൾ നിരന്തരമായി വ്യാപകമായ കൃഷിനാശം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

&

(സി) നാശനഷ്ടം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിൽ ഓരോ വർഷവും എത്ര കർഷകർക്ക് എത്ര തുക വീതം നഷ്ടപരിഹാരം ലഭ്യമാക്കിയെന്ന് വിശദമാക്കാമോ?

(എ-സി) ഉണ്ട്. വന്യമൃഗാക്രമണംമൂലം കാർഷിക വിളകൾക്ക് നാശനഷ്ടം സംഭവിച്ചതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ 5 വർഷം വനം വകുപ്പിൽ ലഭ്യമായ അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പഞ്ചായത്ത്	അപേക്ഷകളുടെ എണ്ണം
1	കോട്ടപ്പടി	181
2	പിണ്ടിമന	165
3	കുട്ടമ്പുഴ	107
4	കവളങ്ങാട്	0
5	കീരമ്പാറ	0
	ആകെ	453

LIBRARY ARCHIVES Kerala Legislative Assembly